# വലിയകുളം ഹൈസ്കൂൾ

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

### അവതരിപ്പിക്കുന്ന

# പൂമരം



# ഉള്ളടക്കം

1. സന്ദേശം ........................................................................................

2 ആമുഖം

3. ഭാഷാ കമ്പ്യൂട്ടിംഗ് (ലേഖനം) ......................................................................... 6

4. ഭൂമിയെന്ന മനോഹാരിത (കവിത) .....................................................................9

5. വ്യാസന്റെ ജനനം ( പുരാണ കഥ) .....................................................................10

6. പൂർണ്ണരൂപങ്ങൾ ........................................................................................12

7. എന്റെ മാവിൻ ചുവട്ടിൽ( കവിത) .....................................................................13

8. പൊതുവിജ്ഞാനം( ക്വിസ്) ..............................................................................14

9. ക്യൂ ആർ കോഡ്( ലേഖനം) ............................................................................. 18

10. പൂം ചിരി( കഥ) ...........................................................................................19

11. പ്രകൃതി( കവിത) .........................................................................................21

12. ശാസ്ത്ര രഹസ്യങ്ങൾ ........................................................................................22

13. ഭൂമി ഗീതങ്ങൾ( തിരഞ്ഞെടുത്ത കഥകൾ) ...........................................................23

14. തല്ലുകൊള്ളിരാമൻ( കഥ) ..................................................................................25

15. ഗണിതം ലളിതം( ലേഖനം) ................................................................................26

16. I T QUIZ( ക്വിസ്) ............................................................................................28

17. Digital Painting

18. ശാപം ഫലിക്കുന്നു(പുരാണ കഥ ) ........................................................................32

19. हिन्दी कविता ......................................................................................................34

20. കാലയവനികക്കപ്പുറം(കവിത)

21. വിദ്യയുടെ മഹത്വം( ലേഖനം) ............................................................................ 35

22. Be Kind( Poem) ............................................................................................37

23. കടലിനെ കാർന്നുതിന്നുന്ന കാൻസർ(ലേഖനം) .......................................................38

24. പണിപ്പാട്ടുകൾ ...................................................................................................39

25. വിളക്കുമരം പണിയുന്നവർ (കഥ) ...................................................................... ..42

26. चालाक लोमडी( कथा) .......................................................................................44

27. എന്റെ സ്വപ്നം( കവിത) .......................................................................................45

28. ഓട്ടോക്കാരൻ( കഥ) ........................................................................................ ....47

29. പൂൽച്ചാടി( കവിത) ..............................................................................................50

30. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഫോട്ടോസ് ..........................................................................51

31. നന്ദി ...................................................................................................................52

## ആശംസകളോടെ........

ഷിബു എസ് പീതാംബരൻ

ഹെഡ് മാസ്റ്റർ , ഹൈസ്കൂൾ വലിയകുളം

*****************

വലിയകുളം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ 2019-2020 അധ്യയന വർഷത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരി ക്കുന്നതിൽ സന്തോഷമുണ്ട്. ടൈപ്പിംഗ് , എഡിറ്റിംഗ് , പബ്ലിഷിംഗ് എന്നീ മേഖലകളിലേക്കുള്ള കുട്ടികളുടെ കാൽവെയ്പ്പിന് എല്ലാ ആശംസകളും നേരുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

# എഡിറ്റോറിയൽ ബോർഡ്


1. പ്രഥമ ശുശ്രൂഷ
3. റഫറൽ സംവിധാനം
4. ആരോഗ്യ വിദ്യാഭ്യാസം
7. മെഡിക്കൽ ക്യാമ്പുകൾ
9. കൗൺസലിങ്
OFFICE

# ആമുഖം

അറിവിന്റെ ലോകംവിശാലമാവുകയുംപുസ്തകവായനാശീലം പരിമിതപ്പെടുകയും ചെയ്യുന്ന ഈ കാലത്ത് ഡിജിറ്റൽ മാഗസിനുകളുടെ സാധ്യതയുംഉപയോഗവും വർധിക്കുകയാണ്.ഏറെ പരിസ്ഥിതി സൗഹൃദവുമാണിത്.അനിമേനുകളും വർണ്ണചിത്രങ്ങളും സന്നിവേശിപ്പിക്കുന്നതിലൂടെ ആസ്വാദനത്തിന്റെ വൈവിധ്യത്തിലേക്കും ഡിജിറ്റൽ മാഗസിനുകൾ നമ്മെ നയിക്കുന്നു.ഇ ലേണിങ്ങിന്റെ സാധ്യതകൾപ്രയോജനപ്പെടുത്താൻഇതിലൂടെകഴിയുന്നു.വിവിധവിഷയങ്ങളിൽകുട്ടികൾതന്നെതയ്യാറാക്കിയലേഖനങ്ങളും,ചെറുകഥകളും,പ്രശ്നോത്തരിയുംഅനുഭവവിവരങ്ങളുംഉൾപ്പെടുത്തിയഈമാഗസിൻഡിജിറ്റൽയുഗത്തിന്റെ അനന്ത സാധ്യതകളിലേക്കുള്ള ഒരു ചെറിയ കാൽവെയ്പ്പാണ് എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ലേഖനം

## ഭാഷാ കംപ്യൂട്ടിങ്ങ്

ആശയവിനിമയം,ഭരണനിർവ്വഹണം,വിനോദം,വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം ഒഴിവാക്കാനാവാത്ത സാങ്കേതിക വിദ്യയായിമാറിയ ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രയോഗത്തിലും മാതൃഭാഷയെ സന്നിവേശിപ്പിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് സ്കൂൾപാഠ്യപദ്ധതിയിൽ മാതൃഭാഷാ കംപ്യൂട്ടിങ്ങ്ഉൾപ്പെടുത്തിയിരിക്കുന്നത്.

വിവരസാങ്കേതികവിദ്യയുടെസ്വാഭാവികഭാഷഇംഗ്ലീഷ്ആണ്.പ്രാദേശിക ഭാഷകളുടെനിലനിൽപ്പിന്സാങ്കേതികവിദ്യഅവയുവഴങ്ങുന്നതാക്കണം. ഇവിടെയാണ് വിവരസാങ്കേതികവിദ്യയുടെ പ്രയോഗത്തിൽ ഭാഷാ കംപ്യൂട്ടിങ്ങിനു പ്രാധാന്യമേറുന്നത്.

കംപ്യൂട്ടറുകൾ,മൊബൈൽ ഫോണുകൾ,ടാബ്ലറ്റുകൾ തുടങ്ങിയ ഉപകരണങ്ങൾ വഴിയും ഇന്റർനെറ്റിലെ വിവിധ സേവനങ്ങൾ വഴിയും


മലയാളഭാഷ ഇന്നു കൈകാര്യംചെയ്യുന്ന മലയാളം കംപ്യൂട്ടിങ്ങ് ഭാഷാസ്നേഹികൾക്ക്പ്രതീക്ഷനൽകുന്നഒന്നാണ്.ഇംഗ്ലീഷ്ഭാഷകൊണ്ട്കംപ്യൂട്ടറിൽ എന്തൊക്കെ സാധ്യമാകുമോ അതെല്ലാം മലയാളത്തിലും സാധ്യമാക്കുക എന്നതാണ് മലയാളം കംപ്യൂട്ടിങ് കൊണ്ട് ലക്ഷ്യമിടുന്നത്.

ആശയവിനിമയത്തിനായി എത്ര തന്നെഭാഷകൾ ഉപയോഗിച്ചാലും അതൊന്നും മാതൃഭാഷയോളംവരില്ല.മാതൃഭാഷയിൽ അനന്തമായി ചിന്തിക്കുവാൻ കഴിയുമെങ്കിൽ അന്യഭാഷയിൽ അതിന് അതിരുകളുണ്ട്.അതുകൊണ്ടാണ് വിദ്യാഭ്യാസം ചെയ്യുന്നതിന് മാതൃഭാഷാ തന്നെയാണ് ഏറ്റവും ഉചിതം എന്ന് ലോകംഅംഗീകരിച്ചിട്ടുള്ളതും ആണ്. നമ്മുടെഭാഷഭാരതത്തിൽതന്നെശ്രേഷ്ഠവുംഉന്നതവുമായിഅംഗീകരിക്കപ്പെടുകയുംചെയ്തു.സാഹിത്യത്തിലൂടെമാത്രമല്ലകലാരൂപങ്ങളിലൂടെയുംശാസ്ത്രസാങ്കേതിക വളർച്ചയിലൂടെയും വിവരസാങ്കേതിക വിദ്യകളിലൂടെയുംമലയാളം ഇനിയുമിനിയും ഉയരങ്ങളിലേക്ക് കുതിക്കേണ്ടതുണ്ട്.

ഭാഷാസാങ്കേതികവിദ്യ ഭാഷയുടെ സ്വതന്ത്രഉപയോഗത്തെ തടയുന്നതാകരുത്.ഭാഷാസാങ്കേതികവിദ്യയുടെവികസനത്തിൽപൊതുസമൂഹത്തിന്ഇടപെടാൻകഴിയണം.സ്വതന്ത്രമായിപരിശീലിക്കാനുംപരിപാലിക്കാനുംപരിഷ്കരിക്കാനുംസാധിക്കണം.സ്വതന്ത്ര software ലൂടെ ഇത്അനായാസേനസാധ്യമാകുന്നു.ഭാഷാസാങ്കേതികവിദ്യസ്വതന്ത്ര software അധിഷ്ഠിതമാക്കിപ്രവർത്തിക്കുന്നസന്നദ്ധപ്രവർത്തകരുടെസ്വതന്ത്രകൂട്ടായ്മയാണ് മലയാളം കംപ്യൂട്ടിങ്ങ്.

മലയാളംയൂണികോഡ്ഫോണ്ടുകളുടെനിർമ്മാണം,നിഘണ്ടുക്കൾ,അക്ഷരത്തെറ്റ് പരിശോധിക്കാനുള്ളസംവിധാനം,വാചകങ്ങളെസംഭാഷണമാക്കി മാറ്റാനുള്ളസംവിധാനങ്ങൾ,പഴയഎൻകോഡിങ്ങ് രീതികളിൽനിന്നും ഡാറ്റയെ യൂണിക്കോഡ് ആക്കാനുള്ള സംവിധാനം എന്നിങ്ങനെ ഭാഷാ കംപ്യൂട്ടിങ്ങുമായി ബന്ധപ്പെട്ടുള്ള അനേകം സംവിധാനങ്ങൾ കൂട്ടായ്മയിലൂടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**ശാരിക മോൾ**



കവിത

# ഭൂമിയെന്ന മനോഹാരിത



ദൈവത്തിൻ കരങ്ങളാൽ പണിതൊരു
സ്വർഗ്ഗിയ താവളമാണ് എൻ ഭൂമി
മനോഹാരിതയാം എൻ ഭൂമിയിൽ പൂന്തോട്ടമാം
പ്രകൃതി വാഴുന്നു.

ജീവൻ ജനിപ്പൂ പ്രകൃതിയിൽ അതി
രമണിയമാം താരകങ്ങളെ സൃഷ്ടിപ്പൂ തൻ ജിവൻ.
ആനന്ദരൂപിണിയാം പ്രകൃതിയിൽ പുഞ്ചിരി
വിടർത്തി കുഞ്ഞ് പൂമൊട്ട് വിടരവേ....
ഇരു കൈകളും നീട്ടി പോന്നു പുഷ്പത്തെ,
ക്ഷണിച്ചിടാം ഈ സ്വർഗ്ഗത്തിലേക്ക്....
ആദ്യ സമ്പൂർണ്ണ പുഷ്പത്തെ വാഴ്ത്തിടാം,
മധു സ്വരത്തിൽ.
കൂടുമോ എൻ ജീവനാം സ്വർഗ്ഗത്തിലെ,
മധുര സുന്ദരമീ പുഷ്പമേ.....

ആദിത്യ .എം. എ

പുരാണകഥ

# വ്യാസന്റെ ജനനം

യമുനാനദിയിലെ കടത്തുവഞ്ചി തുഴഞ്ഞിരുന്നത് മുക്കുവകന്യകയായ സത്യവതിയായിരുന്നു. ഒരു ദിവസം പരാശരമുനി നദികടക്കുവാനായി സത്യവതിയുടെ കടത്തുവഞ്ചിയിൽ കയറി.

സുന്ദരിയായ സത്യവതിയിൽ മുനിക്ക് കലശലായ ഭ്രമം തോന്നി. അവളെ പ്രാപിക്കണമെന്നതന്റെ ആഗ്രഹം മുനി സത്യവതിയെ അറിയിക്കുകയും ചെയ്തു.തന്റെ കന്യകത്വം നശിക്കുമെന്ന ഭീതിയിൽ മുനിയുടെ ആവശ്യം അവൾ നിരാകരിച്ചു.സത്യവതിയോട് പരാശരമുനി പറ ഞ്ഞു:"നിനക്കൊരാപത്തും വരാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം മാത്രമല്ല നിന്റെ കന്യകത്വം നശിക്കാതിരിക്കാനുള്ള വരവും ഞാൻ നൽകാം."

മുനിയുടെ വാക്കുകൾ വിശ്വസിച്ചസത്യവതി വഞ്ചിയിൽ വെച്ച തന്നെ മുനിയുടെ ആഗ്ര-ഹങ്ങൾക്ക് വഴങ്ങിക്കൊടുത്തു. മത്സ്യഗന്ധമേറ്റിരുന്നഅവളുടെ ശരീരം അപ്പോൾ മുതൽ കസ്തൂരിയുടെ ഗന്ധമുള്ളതായിത്തീർന്നു!

ഗർഭിണിയായ സത്യവതിമുനിയുടെതപോബലംകൊണ്ട് ഉടനെ തന്നെ പ്രസവിക്കുകയും ചെയ്തു! യമുനാനദീമധ്യത്തിലുള്ള ദ്വീപിൽ വച്ച് ജനിച്ചതിനാൽ ആ കുട്ടിക്ക് ദ്വൈപായനൻഎന്ന പേരിട്ടു.മാതാവായ സത്യവതിയ്ക്ക്തന്നെകാണണമെന്ന്മനസിൽതോന്നുന്നഅവസരത്തിൽവ ന്നുകൊള്ളാമെന്നു പറഞ്ഞ് പരാശരമുനിയുടെ

പുത്രൻ ദ്വൈപായനൻ തപസനുഷ്ഠിക്കാൻ യാത്രയായി.

ഈ ദ്വൈപായനാണ് പില്ക്കാകാലത്ത് വേദവ്യാസൻ എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നത്.വേദങ്ങളെ നാലായിപ്പകുത്തതും മഹാഭാരതം രചിച്ചതും ഈ വേദവ്യാസൻതന്നെയാണ്. പരാശരമുനിയെ പ്രാപിച്ച് ഗർഭിണിയും മാതാവുമായിത്തീർന്ന സത്യവതി അദ്ദേഹത്തിന്റെ വരസിദ്ധികൊണ്ട്കസ്തൂരിഗന്ധിയായിത്തീർന്നുവെന്നുമാത്രമല്ലകന്യകയായിത്തന്നെ തുടർന്നു!

അഖിലേഷ്



# പൂർണ്ണരൂപങ്ങൾ

P D F = Partable Document Format

O M R = Optical Mark Recognisation

I S P = Internet Service Provider

D V D = Digital Versatile Disk

B C R = Bar Code Reader

C P U = Central processing Unit

U PS = Uninterrupted Power Supply

S M S = Short Message Service


S I M = Subscriber Identity Module

K I T E = Kerala Infrastructure And Techn-
ology For Education



കവിത

# എന്റെ  മാവിൻ ചുവട്ടിൽ!



എന്റെ മാവിൻ ചുവട്ടിൽ
ഒരു നാളരികെ ഒളിച്ച
മണ്ണിനടിയിൽ,
തളിർത്തു  തളിരിലകൾ,
കുരുത്തു മാവിൻ തൈ ഉണർന്നു,
ഉറക്കത്തിൽ നിന്ന് ഉണർന്നു.
ഉണർവായി സൂര്യ കിരണം തട്ടി!
വിരിയുവിൻ നിൻ മാനസം
മൺ തരികൾ നീക്കി.
വിരിയുന്ന നിൻ കുഞ്ഞിക്കൈകൾ,
ഈ പുതു ലോകം കണ്ട് നീ ഉയരവെ.
ഈ കുരുന്നുകൾക്ക്,
തണലായും  താങ്ങായും നീ ജനിക്കുന്നു!

**കണ്ണൻ .എം**

# പൊതുവിജ്ഞാനം

1.കൃത്രിമ റേഡിയോ ആക്ടിവിറ്റി കണ്ടെത്തിയ ശാസ്ത്രജ്ഞൻ ?

ഉ: ജൂലിയറ്റ് ക്യൂറി

2.സാലി പിയേഴ്സൺ ഏതു കായികയിനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

ഉ: അതലറ്റിക്സ്

3.1905-ലെ കല്ലുമാല സമരം നടന്ന സ്ഥലം എവിടെയാണ് ?

ഉ: പെരിനാട്

4.തേക്കടിയുടെ കവാടം എന്നറിയപ്പെടുന്ന സ്ഥലം ?

ഉ: കുമളി

5.കേരളത്തിൽ വ്യവസായശാലകൾ കൂടുതലുള്ള രണ്ടാമത്തെ ജില്ല ഏതാണ് ?

ഉ: പാലക്കാട്

6.കട്ടപ്പനയാർ ഏതു നദിയുടെ പോഷകനദിയാണ് ?

ഉ: പെരിയാർ

7.കാർഡ് സമ്പ്രദായം ഫുട്ബോളിൽ ഏർപ്പെടുത്തിയത് ഏതു ലോകകപ്പ് മുതലാണ് ?

ഉ: മെക്സിക്കോ ലോകകപ്പ് [1970]

8. 1781-ലെ പോർട്ടോനോവോ യുദ്ധത്തിലൂടെ ബ്രിട്ടീഷുകാർ പരാജയ പ്പെടുത്തിയത് ആരെയാണ് ?

ഉ: ഹൈദരലി

9. ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ള രാജ്യം ?

ഉ: ചൈന

10. മഹാത്മാഗാന്ധി ആദ്യമായി കേരളത്തിൽവന്നത് ഏതു ജില്ലയിലാണ് ?

ഉ: കോഴിക്കോട്

11. മെക്കയിൽ ജനിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനി ആരാണ് ?

ഉ: അബ്ദുൾ കലാം ആസാദ്

12. ഛത്രസൽ സ്റ്റേഡിയം എവിടെയാണ് സ്ഥിതിചെയ്യുന്നത് ?

ഉ: ന്യൂഡൽഹിയിൽ

13. എപ്സം സാൾട്ട് എന്നറിയപ്പെടുന്ന പദാർത്ഥമേതാണ് ?

ഉ: മഗ്നീഷ്യം സൾഫേറ്റ്

14. പക്ഷികളുടെ വൻകര എന്നറിയപ്പെടുന്ന ഭൂഖണ്ഡം ?

ഉ: തെക്കേ അമേരിക്ക

15. കേരളത്തിൽ ഇരുമ്പയിര് നിക്ഷേപം കണ്ടെത്തിയിട്ടുള്ള ജില്ല ഏതാണ് ?

ഉ: മലപ്പുറം

16. ഏതു സംസ്ഥാനത്തെ ഭക്തിപ്രസ്ഥാനപ്രചാരകനാണ് 'ശങ്കരദേവ്' ?

ഉ: ആസ്സാം

17. 'ചാത്തൻകോത' എന്ന പേരിൽ അറിയപ്പെട്ടിരുന്ന കേരളത്തിലെ രാജാവ് ?

ഉ: വള്ളുവനാട്ട് രാജാവ്

18. ഇന്ത്യയിലെ ആദ്യമെഡിക്കൽ കോളേജ് കൽക്കട്ടയിൽ സ്ഥാപിതമാകുമ്പോൾ ആരായിരുന്നു ഗവർണർ ജനറൽ ?

ഉ: വില്യം ബന്റിക്

19. കാനഡയുടെ ദേശീയ കായിക ഇനം ഏത് ?

ഉ: ഐസ് ഹോക്കി

20. എരണ്ടപ്പക്ഷികളുടെ താവളത്തിന പ്രസിദ്ധമായ കേരളത്തിലെ ദ്വീപ് ഏതാണ് ?

ഉ: പാതിരാമണൽ ദ്വീപ്



# ക്യൂ ആർ കോഡ് {Q.R.CODE}

പ്രത്യേകമായി നിർമ്മിച്ചിട്ടുള്ള ക്യൂ ആർ ബാർകോഡ് റീഡറുകൾക്കും ,ക്യാമറ ഫോണുകൾക്കും വായിക്കാൻ സാധിക്കുന്ന മെട്രിക്സ് ബാർകോഡു കളേയാണ് ക്യൂ ആർ കോഡ് എന്നു വിളിക്കുന്നത്.ഒരു വെളുത്ത പ്രതലത്തിൽ കറുത്ത നിറത്തിലുള്ള പ്രത്യേക രീതിയിൽ ക്രമീകരിച്ചതുപോലെയാണ് ക്യൂ ആർ കോഡുകൾ സാധാരണ സൃഷ്ടിക്കപ്പെടുന്നത്.സാധാരണ എഴുത്തുകൾ യു.ആർ.എൽ മറ്റു വിവരങ്ങൾ എന്നിവയാണ് സാധാരണ ഈ രീതി ഉപയോഗിച്ച് എൻകോഡ് ചെയ്യപ്പെടുന്നത്.

ജപ്പാൻ കമ്പനിയായ ടൊയോട്ടയുടെ ഉപകമ്പനിയായ ഡെൻസോ വേവ് 1994-ൽ ആണ് ക്യൂ ആർ കോഡ് ആദ്യമായി അവതരിപ്പിച്ചത്.വിമാന ബാർക്കോഡിങ് രീതിയിൽ ഏറെ പ്രചാരത്തിലുള്ള ഒരു രീതിയാണിത്.ക്വിക്ക് റെസ്പോൺസ് (Quick Response) എന്നതിന്റെ ചുരുക്കെഴുത്തായിട്ടാണ് ക്യൂ ആർ കോഡ് അറിയപ്പെടുന്നത്.ഇതിന്റെ നിർമ്മാതാക്കൾക്ക്എൻകോഡ് ചെയ്യപ്പെടുന്ന സന്ദേശങ്ങൾവേഗത്തിൽഡീകോഡ്ചെയ്യപ്പെടണമെന്നഉദ്ദേശ്യംഉണ്ടായിരുന്നതിന ാലാണ് ഇതിന് ആ പേരു നൽകിയത്.

ശ്മശാനങ്ങളിലെ ഹെഡ്സ്റ്റോണുകളിൽ മരിച്ചയാളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ക്യൂആർ കോഡ് നൽകുന്ന രീതി വിദേശത്തുണ്ട്.ഇന്ന് ആർക്കും വളരെ ലളിതമായി ഡേറ്റ വായിക്കുവാൻ പ്രത്യേകബാർകോഡ് റീഡറുകൾ വേണ്ടി വരുമ്പോൾ ക്യൂ ആർ
കോഡ് റീഡ് ചെയ്യാൻ മൊബൈൽ ഫോണിലെ ക്യാമറ മാത്രം മതി.

**സ്വാതി സുരേന്ദ്രൻ**

# പൂം ചിരി

യാത്രയ്ക്കിടയിൽ എന്നും കാണാറുള്ളതാണ് ചെറിയൊ-രാമ്പൽ കുളം. ഒരഞ്ചുകിണറിന്റെ വിസ്താരം. മണ്ണെടുത്തുണ്ടായ കുഴിയിൽ ഊറൽച്ചെളിയടിഞ്ഞ് അതിലാരോ കൊണ്ടിട്ട ഒരാമ്പൽ. അല്ലെങ്കിൽ മഴക്കാലത്ത് ഒലിച്ചെത്തിയത്. ഇന്ന് ധാരാളം പൂക്കൾ. വയലരികിലായതിനാലാവും കൊടിയ വേനലിലും രണ്ടടിപ്പൊക്കം വെള്ളം.

ചെളിയിലാണല്ലോ ആമ്പലിന്റെ ഇടം. അവിടെ നിന്നത് തുടങ്ങും. പതിയെ വളരും. ജലത്തിനുള്ളിൽ വിരിയില്ല. നാനാവശത്തുനിന്നും പൂമൊട്ടിന്മേൽ തള്ളലുണ്ടാവും . വിരിയാനുള്ള പാകമെത്തുമ്പോഴേക്കും ഉയർന്ന് മുകളിലെത്തും. വായുവിലേക്ക് തലയുയർത്തിയാൽ പിന്നെ കാര്യങ്ങൾ എളുപ്പം.
ചുറ്റുപാടും നിന്നുമുള്ള തള്ളൽ ഇല്ലാതാവും. ചൂട് വെളിച്ചം അതിനെ വിരിയാൻ സഹായിക്കും. ചിലപ്പോൾ കാറ്റ് ഉത്സാഹപ്പെടുത്തും

വേനലിൽ ജലവിതാനം , കുറേശ്ശെയായി താഴുംനേരം പുതിയോരു പൂ മുകുളം സ്വയം വളർന്നും തണ്ടിലുയർന്നും വിരിയാൻ പാകത്തിൽ ജലനിരപ്പിനു തുല്യം. ഏറെ താമസിയാതെ മുകളിൽ വിസ്തരിച്ചൊരു ചിരി കാണാം.

പുതു പൂം ചിരികാണാൻ കാത്തിരിക്കെ.

ഉശിരനൊരു വേനൽമഴ തിമിർത്തു.കുളത്തിൽ വെള്ളം കൂടി. പൂമൊട്ടിന് പിന്നെയും പണിപ്പെടേണ്ടി വന്നു വായുവിലെത്താൻ.

ആവൂ ...... അതിന്റെ ക്ഷമ നിറഞ്ഞ , ശാന്ത മായ പരിശ്രമം എത്ര വലുതെന്ന് എനിക്കിപ്പോൾ ശരിക്കുമറി യാം.അതിന്റെ സാഫല്യം , അതൊരുക്കും വിസ്മയം അതീവ ഹൃ ദ്യം.വിജയിയുടെ പൂം ചിരി.

അനൂപ് കെ ആർ



കവിത

# പ്രകൃതി

എത്ര രമണീയമാം എൻ പ്രകൃതി!
അത്രതൻ ശോഭിതമാം എൻപ്രകൃതി!
ഉഷകാലം പൊട്ടി വിടരുമ്പോൾ
നോക്കുകീ പ്രഭാതത്തിൽ കാഴ്ചകളതിരമ്യം
മനോഹരം!
ജോതിർമ്മയനാം ദൈവത്തിൻ സൃഷ്ടിയാം
പക്ഷിതൻ ചെറു മാധുര്യ ശബ്ദവും,
അരുവിതൻ കളകള നദവും,
ഒഴുകി വന്നെത്തുന്നതെൻ കാതിലും,
പൂക്കൾ വിടരുന്ന സുഗന്ധം പരത്തുന്നു,
വൃക്ഷങ്ങളിലും പച്ചപ്പട്ടെങ്ങും വിരിക്കുന്നു.
ചില്ലയെ തഴുകിയെത്തിയെൻ
ഹൃദയം പുണരുന്നു.
കടലിൽ മായുന്ന പകലോൻ,
പറവകൾ കൂട്ടിൽ അണയുന്നു,
രാത്രിതൻ നിഴൽ പരക്കവേ,
ഓടി അണയുന്നിതാ നിലാവും താരകളും.

ആദിത്യ. എം.എ



# ശാസ്ത്ര രഹസ്യങ്ങൾ

## തലയിൽ തേയ്ക്കുമ്പോൾ സോപ്പ് എളുപ്പത്തിൽ പതയുന്നത് എന്തുകൊണ്ട്..?

സോപ്പിൽ ഉൾക്കൊള്ളുന്ന ക്ഷാരീയ രാസികങ്ങളാണ് പത ഉണ്ടാവാൻ കാരണം. പത യഥാർത്ഥത്തിൽ വായുകുമിളകൾ ആണ്. നമ്മുടെ തലമുടികൾക്കിടയിൽ വായുവിന് ഇരിക്കാൻ ധാരാളം ഇടമുണ്ട്. സോപ്പ് അല്ലെങ്കിൽ ഷാംപൂ തലയിൽ തേയ്ക്കു-മ്പോൾ ഈ വായു പതയിൽ നിറഞ്ഞ് കൂടുതൽ പതയുണ്ടാകുന്നു. എന്നാൽ ദേഹത്ത് സോപ്പ് തേയ്ക്കുമ്പോൾ അത്ര തന്നെ പത ഉണ്ടാകുന്നില്ല.

ബ്രഷ് ഉപയോഗിച്ച് ഷേവിംഗ് ക്രീം മുഖത്ത് തേയ്ക്കുമ്പോൾ ഇതുതന്നെയാണ് സംഭവിക്കുന്നത്. ബ്രഷിന്റെ നാരുകൾക്കിടയിലുള്ള വായു ക്ഷാരീയ രാസികങ്ങളുമായി ചേർന്ന് സോപ്പ് പത ഉണ്ടാകുന്നു. ടൂത്ത് പേസ്റ്റ് ബ്രഷ്എടുത്ത് പല്ലുതേയ്ക്കുമ്പോൾ പേസ്റ്റ് പതയുന്നതിന് കാരണവുംബ്രഷിന്റെ നാരുകൾക്കിടയിലുള്ള വായു തന്നെ.

സുജീഷ്

# ഭൂമിഗീതങ്ങൾ

* കാണെക്കാണെ വയസ്സാകുന്നു
മക്കൾക്കെല്ലാം എന്നാലമ്മേ
വീണക്കമ്പികൾ മീട്ടുകയില്ലീ
നവതാരുണ്യം നിൻതിരുവുടലിൽ.

- ഒ.എൻ.വി

* മർത്ത്യൻ കുത്തിയ കുത്താൻ വെട്ടാൻ
മർമസിരനിരയേറ്റു
തളർന്നു ചാരിയും ഭൂഗോളത്തിൻ
മുറിവുനോവു കുറയ്ക്കാൻ.

-പി.കുഞ്ഞിരാമൻ നായർ

* സങ്കൽപ്പത്തിനു ചിറകുകൾ കിട്ടീ
സനാഥയായി ഭൂമി.

-വയലാർ

* ഇനിയും മരിക്കാത്ത
നിന്നാസന്ന മൃതിയിൽ സഹിക്കണമെങ്കിൽ
ഇതു നിന്റെ എന്റേയും ചരമശുശ്രൂഷയ്ക്ക്

ഹൃദയത്തിലിന്നേ കുറിച്ചഗീതം.

-ഒ.എൻ.വി

* ഒരു കളിപ്പന്തോ,കളിപ്പാവയോ ഭൂമി
അതിരുണ്ടവൾതൻ ക്ഷമയ്ക്കും.

-കടമ്മനിട്ട

* ചെമ്പിലൊരമ്പഴക്കായ പുഴങ്ങി
ചേറ്റിൽ വിളമ്പിത്തിന്നാലും
ഭൂമിയിൽ വാഴണമെന്നമോഹം
നാമികണ്ടോർക്കെല്ലാർക്കും.

-വൈലോപ്പിള്ളി



# തല്ലുകൊള്ളിരാമൻ

കൃഷ്ണ ജില്ലയിലെ ഗാലർപ്പാട്ഗ്രാമത്തിലാണ് രാമന്റെ ജ- നനം.രാമന്റെ അച്ഛനായിരു-ന്നു ഗാലർപ്പാട് രാമയ്യ.രാമ-ൻ കുഞ്ഞായിരുന്നപ്പോൾ അവന്റെ അച്ഛൻ മരിച്ചു.അതോടെ അവൻ തെന്നാ-ലിയിലുള്ള അമ്മയുടെ വീട്ടിലായി താമസം.അങ്ങനെ-യാണ് രാമൻ തെന്നാലിരാമനായത്.തെന്നാലിരാമൻ ബാല്യത്തിലൊരു തെമ്മാടിരാമനായിരുന്നു.പഠിക്കാൻവിട്ടാൽ  അവൻ കുസൃതികൾ കാട്ടും.ഒരിക്കൽ അവൻഗുരുവിനെ പറ്റിച്ചു.അദ്ധേഹത്തിന്റെ ഇരിപ്പിടത്തിൽ കുറേ ചീഞ്ഞ പഴങ്ങൾ പെറുക്കിവെച്ചു.ഗുരു അതിന്മേൽഇരുന്നു.അപമാനിതനായഗുരു രാമനെ കിഴക്കാംഉുക്കായികെട്ടിയിട്ടടിച്ചു.എന്നിട്ടുംരാമൻനേരെയായില്ല.ഗുരുവിനോട് ശണ്ഠകൂടാതിരിക്കാൻരാമന്കഴിയുമായിരുന്നില്ല.എങ്കിലുംരാമൻബുദ്ധിമാനായിരുന്നു. ഗുരു പറയുന്നതെല്ലാം തന്നെ മറ്റു കുട്ടികളേക്കാൾ വേഗത്തിൽ പഠിച്ചു.പന്ത്രണ്ടാമത്തെ വയസ്സിൽ രാമന്റെ പഠിപ്പ് അവസാനിച്ചു.വീട്ടിൽപട്ടിണി ; എന്നിട്ടുംരാമൻജോലിക്ക്പോയില്ല.മടിയാണ്.വായാടിയായതുകൊണ്ട്കണ്ടവരെല്ലാ ംകളിയാക്കും.അങ്ങനെഅവന്റെനാക്കുംനാട്ടുകാരുടെകൈയ്യുംനിരന്തരംഏറ്റുമുട്ടിക്കൊ ണ്ടിരുന്നു.രാമന് ഭക്ഷണത്തിന് മുട്ടുണ്ടായിരുന്നെങ്കിലും തല്ലിന് മുട്ടുണ്ടായിരുന്നില്ല.

**പാർവ്വതി വിനോദ്**



# ഗണിതം ലളിതം

ഗണിതം പേര് കണ്ടാലും വായിച്ചാലും മനോഹരമാണ് ലളിതവുമാണ് എന്നാൽ ഗണിതത്തിലേക്കിറങ്ങി ചെന്നാൽ അനന്തമായ സംഖ്യകളും ക്രിയകളും സിദ്ധാന്തങ്ങളും ഒരു അത്ഭുത ലോകത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകും വിവിധങ്ങളായ സംഖ്യകൾ,ചിഹ്നങ്ങൾ,പദങ്ങൾ,ചരങ്ങൾ കൂടാതെക്രിയകളായകൂട്ടൽ,കിഴിക്കൽ,ഗുണിക്കൽ,ഹരിക്കൽഎന്നുവേണ്ട.രസകരവും,അന്വേഷണാത്മകവുമായ പുതുവഴിയിലേക്ക് നാംനയിക്കപ്പെടുന്നു.

പഠനം ആരംഭിക്കുന്നതിനു മുൻപുതന്നെ കുഞ്ഞുങ്ങൾ വലിപ്പമറിയാതെ തന്നെ അക്കങ്ങൾ പറയുന്നു ഒന്ന്,രണ്ട്,മൂന്ന്,നാല് എണ്ണുവാൻ തന്നെ എന്തു രസം കൈവിരലുകളും കല്ലുകളും പുളിങ്കുരുവുമെല്ലാംഎണ്ണൽഉപാധിയാകുന്നുപിന്നീട്സംഖ്യകളെസ്ലേറ്റിലേക്ക് നോട്ടുബുക്കിലേക്ക് ആദ്യമായി പകർത്തുമ്പോൾ ഉണ്ടാകുന്ന ആ സംതൃപ്തി പിന്നീട് അറിവിന്റെ പുതിയ ലോകത്തേക്ക് കടക്കുമ്പോൾ വ്യക്തമായും വെടിപ്പായും എഴുതുന്നു പിന്നീട് കൂട്ടലിന്റേയും കിഴിക്കലിന്റേയും നാളുകൾ എന്റെ കൈയിലുള്ള മിഠായികൾ രണ്ടെണ്ണം കൂടികിട്ടിയാൽ,ഇവിടെ സങ്കലനത്തിന്റെ ആദ്യ പടി തുടങ്ങുന്നു എന്റെ കൈയിൽ 6 നെല്ലിക്ക ഉണ്ട് രണ്ടെണ്ണം നിനക്കു തന്നാൽ ബാക്കി പരസ്പരം പങ്കുവെക്കലിലൂടെ വ്യവകലനം പരിശീലിക്കുന്നു 5 എണ്ണം വീതമുള്ള 4 കെട്ട് മുരിങ്ങക്ക

ആകെ എത്ര എന്ന ചോദ്യത്തിനുത്തരം 5*4 ഗുണനത്തിന്റെ ആദ്യഘട്ടം ഇവിടെ തുടങ്ങാം. 4 കഷ്ണം കേക്ക് രണ്ടായി പകുത്താൽ ഓരോരുത്തർക്കും കിട്ടുന്നത് എത്രഎന്നത്ഹരണത്തിലേക്കുള്ള ആദ്യപാതയായി.

അടിസ്ഥാന ക്രിയകൾ നന്നായി പരിശീലിച്ച ഒരാൾക്ക് ജീവിതത്തിൽ ഒരിക്കലും കണക്ക് പിഴക്കില്ലഎന്നതിന് ഉദാഹരണമാണ് നമ്മുടെ വീട്ടിലെ മുത്തച്ഛൻമാരും മുത്തശ്ശിമാരും എത്ര വേഗത്തിലാണ് ഇവർ മനക്കണക്കായി ഉത്തരം കണ്ടെത്തുന്നത്

അതിനാൽ കുട്ടികളിൽ പ്രൈമറി തലത്തിൽ തന്നെ സങ്കൽപ്പം,വ്യവകലനം,ഗുണനം,ഹരണം തുടങ്ങിയവ ഉറപ്പിക്കണം അല്ലെങ്കിൽ തുടർന്നുള്ള ക്ലാസുകളിൽ അവർ ജ്യാമിതിയും ബീജഗണിതവും ഭിന്ന സംഖ്യകളും അഭാജ്യ സംഖ്യകളും വർഗവും ഘനവും തുടങ്ങിയ സങ്കീർണ ഗണിതക്രിയകളിലേക്ക് യാത്ര ചെയ്യുമ്പോൾ ബുദ്ധിമുട്ടുണ്ടാകുന്നു ഗണിതത്തിന്റെ പല പല ശാഖകളെ കുറിച്ചുള്ള പഠനമാണ് ഹയർ സെക്കണ്ടറി തലം മുതൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അതിനാൽ ശാസ്ത്രത്തിന്റെ റാണിയായ ഗണിതത്തെ അടുത്തറിയണമെങ്കിൽ,കടലിലേക്കിറങ്ങാൻമൺതരി കാലിൽ പറ്റണം എന്നതുപോലെസംഖ്യകളെകണ്ട്,അറിഞ്ഞ്കാൽക്കീഴിലാക്കിഗണിതമാകുന്ന മഹാ സാഗരത്തിലേക്ക് ഇറങ്ങാം.



# I T QUIZ

1.ആദ്യത്തെ പേഴ്സണൽ കമ്പ്യൂട്ടർ ഏത് ?

ഉ: I B M

2. Microsoft-ന്റ സ്ഥാപകൻ ആര് ?

ഉ: ബിൽ ഗേറ്റ്സ്

3. ഇന്റർനെറ്റ്-ന്റെ ആദ്യ രൂപം ?

ഉ: A R P A N E T

4. ഇന്റർനെറ്റിന്റെ പിതാവ് ആരാണ് ?

ഉ: വിൻസ്റ്റൺ ഗ്രേ സെർഫ്

5. ഗൂഗിളിന്റെ ആപ്തവാക്യം എന്താണ് ?

ഉ: Don’t Be Evil

6. ആദ്യത്തെ സമ്പൂർണ കമ്പ്യൂട്ടർ ?

ഉ: ആപ്പിൾ-2 (Apple-2)

7. ഇന്ത്യൻ വിവരസാങ്കേതിക വിദ്യയുടെ പിതാവ് ?

ഉ: രാജീവ് ഗാന്ധി

8. കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് ?

ഉ: അലൻ ട്യൂറിംഗ്

9. വിവരസാങ്കേതിക വിദ്യയുടെ പിതാവ് ?

ഉ: ക്ലോഡ് ഷാനോൻ

10. Input-ലൂടെ കമ്പ്യൂട്ടറിലേക്ക വിവരങ്ങൾ നൽകുന്ന പ്രക്രിയ ഏത് ?

ഉ: പ്രോസസ്സിംഗ്

11. കൃത്രിമ ബുദ്ധിയുടെ പിതാവ് ?

ഉ: ജോൺ മേക്കർത്തി

12. ബിറ്റ്-ന്റെ പൂർണ്ണരൂപം ?

ഉ: Binary Digit

13. ROM-ന്റെ പൂർണ്ണരൂപം ?

ഉ: Read Only Memory

14. CD യിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ?

ഉ:  Laser Technology

15. മൈക്രോസോഫ്റ്റിന്റെ e-mail എന്ത് പേരിലാണ് അറിയ
പ്പെടുന്നത് ?

ഉ: Hotmail

16. Broadband കണക്ഷനു വേണ്ടി ഉപയോഗിക്കുന്ന വിനിമ
യ മാധ്യമം ?

ഉ:  Optical Fiber

17. ഇന്ത്യയുടെ ആദ്യത്തെ വെബ് ബ്രൗസർ ഏത് ?

ഉ:  EPIC

18. ലോകത്തെ ഏറ്റവും വലിയ സ്വതന്ത്ര്യ വിജ്ഞാന
കോശം ?

ഉ:  വിക്കീപീഡിയ (Wikipedia)

19. ഗൂഗിളിന്റെ മൂല്യം ?

ഉ:  10100

20. ലോകത്തിലെ ആദ്യത്തെ സെർച്ച് എൻജിൻ ഏത് ?

ഉ:  Vantex

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-2020



# ശാപം ഫലിക്കുന്നു

പാണ്ഡുരാജൻ വസന്തകാലത്തിലൊരു ദിവസം തന്റെ ഭാര്യ മാദ്രിയോടൊപ്പം വനത്തിൽ ചുറ്റിസഞ്ചരിക്കാനിറങ്ങി.എങ്ങും വിരിഞ്ഞു നില്ക്കുന്ന പൂക്കളുടെ സൗന്ദര്യവും ഇളംകാറ്റിൽ അലയടിച്ചെത്തുന്ന അവയുടെ സൗരഭ്യവുംആസ്വദിച്ചുകൊണ്ട്നടന്നഇരുവരുംഒരുനിമിഷംവികാരവായ്പോടെകിന്ദമന്റെശാപവാക്കുകൾമറന്ന്ആലിംഗനബദ്ധരായി.ആനിമിഷംതന്നെ ശാപം ഫലിച്ചു!വെട്ടിയിട്ട വാഴത്തടിപോലെ പാണ്ഡുരാജൻ അവിടെ മരിച്ചുവീണു.

പാണ്ഡുരാജന്റെമരണവാർത്തഅറിഞ്ഞകുന്തിഭർത്തൃശരീരത്തിൽ കിടന്ന് അവളും അലമുറയിട്ടു കരഞ്ഞു.അവരെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ച മുനിമാർ പാണ്ഡുരാജന്റെ മൃതശരീരത്തോടൊപ്പം അദ്ദേഹത്തിന്റെ പത്നിമാരെയും മക്കളേയും ഹസ്തിനപുരരാജധാനിയിലെത്തിച്ചു. ഹസ്തിനപുരത്തെത്തിയ പാണ്ഡുവിന്റെ മൃതദേഹം കണ്ടു ബന്ധുജനങ്ങളും പ്രജകളും വാവിട്ടുകരഞ്ഞു.ധൃതരാഷ്ട്രരാജന്റെമേൽനോട്ടത്തിൽ പാണ്ഡുരാജന്റെ മൃതദേഹം രാജോചിതമായിസംസ്കരിച്ചു.ഭർത്തൃമരണത്തിന് ഉത്തരവാദിയെന്നു സ്വയം മനസിൽ തോന്നിയ മാദ്രി പാണ്ഡുരാജന്റെ ചിതയിൽ ചാടി മരണം വരിച്ചു!

പാണ്ഡുരാജന്റെ ആദരസൂചകമായി നാടെങ്ങും പന്ത്രണ്ടു ദിവസത്തെ ദുഖാചരണം നടത്തി.ഉദകക്രിയകൾ യഥാവിധി അനുഷ്ഠിച്ച ശേഷം അന്നദാനവും നിർവഹിക്കയുണ്ടായി.

ബന്ധുജനങ്ങളെല്ലാം  പിരിഞ്ഞുകഴിഞ്ഞപ്പോൾ വ്യാസമഹർഷി തന്റെ മാതാവായ സത്യവതിയേയും കൂട്ടി കാട്ടിലേക്കുപോയി.ശേഷിച്ച ജീവിതകാലം അവരും കാട്ടിൽ തപസുചെയ്യ്തു കഴിച്ചുകൂട്ടി.

[പുരാണ കഥ]



ശ്രേയ .T. S

## कविता

मेने पूछा शहर मे एक ग्रामिण से
आखिर क्यों  जाते हो शहरो की ओर
प्रति उतर मिलता है !
गाँवों में न शिक्षा है न काम है ,
प्रकृति भी नहीं देती साथ है ,
पेट भरने की नए सापनों को
संजोनें केलिए गाँव के लोग !

आय्र मोल



# വിദ്യയുടെ മഹത്വം

“Education is the manifestation of perfection already existing in man”-swamivivekananda

ഗുരുമുഖത്തുനിന്നും കേൾക്കുന്നത് ഉരുവിട്ടു പഠിച്ചിരുന്ന ഗുരുകുല സമ്പ്രദായത്തിൽനിന്നുംഇന്ന് നാം എത്തിനിൽക്കുന്ന വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ കാലഘട്ടം കൂടെയാണ്.ഒരുകാലത്ത് ഗുരുകുല വിദ്യാഭ്യാസം ഉന്നതകുലജാതർക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. അക്കാലത്ത് ബ്രാഹ്മണർ അല്ലാത്തവർ വേദ -ജ്ഞാനം നേടിയാൽ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുമായിരുന്നു.

ബ്രിട്ടീഷുകാരുടെ ആഗമനത്തോടുകൂടി ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെട്ടു.വില്യം ബെന്റിക് പ്രഭുവാണ് ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പി-താവായി അറിയപ്പെടുന്നത്. അന്നുവരെ ഇന്ത്യ-യിൽ നിലനിന്നിരുന്ന വിദ്യാഭ്യാസസമ്പ്രദായ-ത്തെ ഉടച്ചുവാർക്കുന്നതിൽ വില്യം ബെന്റിക് പ്രഭുവിനെ സഹായിച്ചത് മെക്കാളെ പ്രഭുവാണ്.1835-ലെ മെക്കാളെയുടെ മിനട്ട്സ് ആണ്ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ പാശ്ചാത്യവത്ക്കരിച്ചത്. 1854-ലെ വുഡ്സ് ഡെസ്പാച്ച് ആണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഗ്നകാർട്ടയായി

ഇന്ത്യയിൽ അറിയപ്പെടുന്നത്. വുഡ്സ് ഡെസ്പാച്ചിൻ പ്രകാരം കൽക്കത്ത,ബോംബെ,മദ്രാസ്എന്നിവിടങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടു.

രാജാറാം മോഹൻറോയിയും സ്വാമിവിവേകാനന്ദനും കേരളത്തിൽ ചവറയച്ചനും പോലെയുള്ളസാമൂഹ്യപരിഷ്കർത്താക്കൾ വിദ്യാഭ്യാസത്തിന്റെമൂല്യവും സ്ത്രീ വിദ്യാഭ്യാസത്തിന്റെ മഹത്ത്വവും ഒരു ജനതയ്ക്കു മനസ്സിലാക്കി കൊടുത്തു. വിദ്യാഭ്യാസത്തിനടുത്തേക്ക് എത്തുന്നതിന് തടസ്സമായി നിലയുറപ്പിച്ചിരുന്ന നെടുങ്കോട്ട തച്ചുടച്ച് അന്ധകാരത്തിൽനിന്ന്പ്രകാശത്തിലേക്കുള്ളപാലംപണിയുന്നതിൽഈ സാമൂഹിക പരിഷ്കർത്താക്കൾ വഹിച്ച പങ്ക് സ്തുത്യർഹ്യമാണ്.



# <u>***BE KIND***</u>

***SAY SOME WORDS OF KINDNESS SOME WORDS***

***THAT BRINGS GLADNESS NEVER CAUSE***

***HURT TO ANYONE AS EVERYONE IS PRECIOUS DO***

***LITTLE ACTS OF KINDNESS TO EVERY***

***ONE YOU LIKE OR HATE***

***IT COSTS NOTHING***

***SO DONE WITH ALL HAPPINESS***

***HAVE PATIENCE WITH ALL THE***

***CREATURES THAT HAVE LIFE***

***NEVER BE RUDE TO ANYONE***

***AS GOD HAS SENT TO THIS EARTH***

***EACH ONE FOR SOME MAIN PURPOSE***

**SREYA T.S**

S.T.D.9A

# കടലിനെ കാർന്നുതിന്നും കാൻസർ!

മനുഷ്യനെ,ഭൂമിയുടെകാൻസർ,എന്ന് വിശേഷിപ്പിക്കാറുണ്ട്. മനുഷ്യൻ പരിസ്ഥിതിയോട് ചെയ്യുന്ന ദ്രോഹങ്ങളാണ് ഈ വിശേഷണത്തിന്കാരണം.എന്നാൽ മനുഷ്യന്റെ ഒരു കണ്ടുപിടിത്തം സമുദ്രത്തെ കാൻസർപോലെ നശിപ്പിക്കുന്നുണ്ട്.അത് മറ്റൊന്നുമല്ല,പ്ലാസ്റ്റിക് .രണ്ടാംലോകമഹായുദ്ധത്തിന്റെഅവസാനത്തോടെ യാണ്പ്ലാസ്റ്റിക് മനുഷ്യ ജീവിതത്തിലേക്ക് കടന്നു വന്നത്. ഇന്ന്പലരൂപത്തിൽപ്ലാസ്റ്റിക് നമ്മുടെ ജീവിതത്തിൽ ഇടപെടുന്നുണ്ട്. ഭൂമിയിലേക്ക് വീണാൽ വർഷങ്ങൾ കഴിഞ്ഞാലും അഴുകിപ്പോകാത്ത നിത്യമാലിന്യങ്ങളാണിവ.കടലിലെ 80% ഖരമാലിന്യവും പ്ലാസ്റ്റിക് വസ്തുക്കളാണ്.

ജോമോൾ രാജു

1X A

# പണിപ്പാട്ടുകൾ

അധ്വാനഭാരം ലഘൂകരിക്കുവാൻ വേണ്ടി പാടുന്നവയാണ് പണിപ്പാട്ടുകൾ .നിരർത്ഥക ശബ്ദങ്ങൾ ഇവയിൽ കാണാമെങ്കിലും താളബോധമാണ് ഈ പാട്ടുകളുടെ സവിശേഷത.

കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഗാനങ്ങളാണ് കൃഷിപ്പാട്ടുകൾ .മത്സരിച്ചു പാടുന്ന ചില കൃഷിപ്പാട്ടുകൾ നമുക്ക
പരിചയപ്പെടാം .

1.കിളപ്പാട്ട്

ഒത്തുകെളക്കിനെടോ തിന്തിത്താരാ
ഒരുമിച്ചു കെളക്കിനെടൊ തിന്തിത്താരാ
എങ്ങനെ കെളക്കിണ്ണേ തിന്തിത്താരാ
അങ്ങനെ കെളക്കിണ്ണേ തിന്തിത്താരാ
തെക്കൊള്ള കെളകെളച്ചേ തിന്തിത്താരാ
വടക്കൊള്ള കെളകെളച്ചേ തിന്താത്താരാ

2. **വിത്തിടീൽ പാട്ട്**

ഒന്നാം കണ്ടം പൊടിപറന്നേ
ഒത്തിരിയൊത്തിരി വിത്തെറിഞ്ഞേ
രണ്ടാം കണ്ടം പൊടിപറന്നേ

രണ്ടെര വിത്തു വലിച്ചെറിഞ്ഞേ

## 3. ഞാറ്റുപാട്ട്

മാരിമഴകൾ നനഞ്ഞേ -ചെറു
വയലുകളൊക്കെ നനഞ്ഞേ
പൂട്ടിയൊരുക്കിപ്പറഞ്ഞേ -ചെറു
ഞാറുകൾ കെട്ടിയിറിഞ്ഞേ
ഓമല,ചെന്തില,മാല-ചെറു
കണ്ണമ്മ,കാളി,കറുമ്പി
ചാത്ത,ചടയമാരായ-ചെറു
മത്തികളെല്ലാരും വന്നേ
വന്നുനിരന്നവർ നിന്റേ -കെട്ടി
ഞാറെല്ലാം കെട്ടിപ്പകുത്തേ



## 4.തേക്കു പാട്ട്

തത്തന്നം തൈതന്നം താരൊ
തകതിന്തിന്നം തിത്തെയ്യന്താരോ
കാന്താരിയമ്മച്ചി പണ്ടേ
പാണ്ഡവന്മാരെ ചതിക്കാൻ
തന്ത്രതായങ്ങളും ചെയ്തേ
അതു ഞാനെങ്ങനറിവെടി പാമേ
മക്കളേ ഭീമ ധർമജാ ....

5.കളപറിപ്പാട്ട്

ഇന്നിയും കേളുമെടി ചെറുപുലയീ
അനന്തപുരം കാടെനിക്കു  ചൊല്ലിത്തരുമോ?
അനന്തപുരം കാടെനിക്കു ചൊല്ലിത്തന്നാ
അനന്തപുരം കാട്ടീപ്പോയൊളിക്കുമേ ഞാൻ
പത്തായിരപ്പറക്കണ്ടവും തന്നേ
കാട്ടുംകയിത കേറീക്കിടന്ന കണ്ടം
ഇന്നു കിളച്ചിന്നു വിതച്ചകണ്ടം
ഇന്നു കളയെടുത്തു തീർന്നില്ലെങ്കിൽ
എന്റെയൊരു വേലക്കൂലി കിട്ടുകയില്ലേ

6.കൊയ്ത്തു പാട്ട്

ഒരു പോളം തിരിനീട്ടീട്ടരിഞ്ഞു വെച്ചേ
ചെറുമനും ചെറുമന്റെ കറുമ്പിപ്പെണ്ണും
അയകൊള്ള വയലെല്ലാം കതിരണിഞ്ഞേ
കതിരൊള്ള വയലെല്ലാം കൊയ്തെടുത്തേ

ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത പണിപ്പാട്ടുകൾ നമ്മുടെ നാട്ടിലുണ്ട് .

ശ്രേയ .എൻ . യു
1X B

കഥ

# വിളക്കുമരം


# പണിയുന്നവർ

പണ്ട് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ വലിയ യുദ്ധം നടക്കുന്ന സമയം. ഇംഗ്ലണ്ടിലെ പ്ലിമത്ത്തുറമുഖത്തിന്റെ അടുത്ത് ഉണ്ടായിരുന്ന വിളക്കുമരം തകർന്നു വീണു. രാത്രികാലങ്ങളിൽ വരു-ന്ന കപ്പലുകൾക്ക് വഴികാട്ടിയായിരുന്നു ആവിളക്കുമരം. വേഗം പുതിയ ഒരു വിളക്കുമരംപണിയാൻ ഇംഗ്ലണ്ടിലെ രാജാവ് കൽപ്പിച്ചു.
എഞ്ചിനിയറും ജോലിക്കാരും അവിടെയെത്തിവിളക്കുമരത്തിന്റെ പണി ആരംഭിച്ചു.

അപ്പോഴാണ് ഫ്രാൻസിന്റെഒരു യുദ്ധക്കപ്പൽ അതുവഴി വന്നത്. അതിലെക്യാപ്റ്റൻ ആ പണിക്കരെ കണ്ടു. അദ്ധേഹം കൽപ്പിച്ചു'. ആ ഇംഗ്ലിഷുകാരെ തടവിലാക്കു! ഫ്രെഞ്ച് പട്ടാളക്കാർ കപ്പലിൽ നിന്നും ചാടിഇറങ്ങി വിളക്കുമരത്തിന്റെ പണി ചെയ്തിരുന്ന-

വരെ പിടിച്ചു കെട്ടി. അവരെ തടവുകാരാക്കി.തടവുകാരായി പിടിക്കപ്പെട്ട ഇംഗ്ലിഷുകാരെ കാ-ണാൻ ഫ്രാൻസിലെ ചക്രവർത്തി ലൂയി പന്ത്രണ്ടാമൻ വന്നു. അദ്ദേഹം ചോദിച്ചു ഇവർ എന്തു ചെയ്യുകയായിരുന്നു. ഇവർ പ്ലിമത്ത് തുറമുഖത്തിനടുത്ത് പുതിയ ഒരു വിളക്കുമരംനിർമ്മിക്കുകയായിരുന്നു. ക്യാപ്റ്റൻ പറഞ്ഞു.അതുകേട്ട് ചക്രവർത്തിയുടെ ഭാവം മാറി.

വിളക്കുമരം നിർമ്മിക്കുകയായിരു-ന്ന ഇവർ നമ്മുടെയെന്നല്ല ആരുടേയും ശത്രുക്ക-ളല്ല. എല്ലാവരുടെയും മിത്രങ്ങളാണ്. എല്ലാ കപ്പലുകൾക്കും വഴികാട്ടി അല്ലേവിളക്കുമരം.വേഗം ഇവരെ തിരികെ വിടു. ചക്രവർത്തികൽപ്പിച്ചു. അങ്ങനെ അവർ നാട്ടിൽതിരികെയെത്തി.അവരെ കാണാനെത്തിയ ബ്രിട്ടീഷ്സേനാനായകൻ പറഞ്ഞു മറ്റുള്ളവർക്കുവേണ്ടി നന്മ ചെയ്യുന്നവരെ ശത്രുക്കൾ പോലും സ്നേഹിക്കും.



# चालाक लोमडी

किसी जंगल में एक लोमडी रहती थी ! वह बहुत ही चालाक थी ! एक देन उसे बहुत भूख लगी ! भी जब की खोज में वह इधर उघर घुमने लगी ! घुमते -घुमते वह एक बाग में पहुँची ! वहाँ उसने पेड  पर एक कौए को देखा ! कौए के मूंह में पानी भर आया ! वह रोटी का टूकडा प्रापत करने का उपाय सोचने लगी ! उसने कौए की आवाज की प्रशंसा करते हुए कहा , “ कौए राजा , तुम्हारी आवाजं सुनने की बडी इच्छा है ! तुम कहां गूंगे तो नहीं हो ” ? मूख्र कौए चालाक लोमडी की  बातों में आगया !

गीत गाने केलिए कौए ने अपनी चोंच खोली ! चोंच के खुलते ही रोटी का टूकडा नीचे धरती पर आ गिरा ! लोमडी उसे मूंह में लेकर भाग गई ! कौआ बेचारा मूंह देखता रह गया !

## शिक्षा-किसी को झूठी प्रशंसा में नहीं आना चाहिए !



# എന്റെ സ്വപ്നം

**ഇന്ന് ഞാൻ നിൽക്കുന്നതെന്റെ**
സ്വപ്നങ്ങൾ ഉറങ്ങുന്ന മണ്ണിൽ
എന്റെ ഓർമകൾ ഉറങ്ങുന്ന മണ്ണിൽ
ഇറ്റു വീഴുന്ന കണ്ണുനീർത്തുള്ളികൾ
ചുംബിച്ച മണ്ണാമണ്ണിതെന്നെ
പുൽകിയ നാടാണിത്



കഴിഞ്ഞുപോയ നാളുകളെ -
ഓർത്ത്  തേങ്ങുന്ന ഞാൻ
മണിത്തംബുരുവിൽ
കേഴുന്ന ഞാൻ ഏകയായി

അന്നത്തെ ആ മഹാദുരന്തം
എന്റെ സ്വപ്നങ്ങൾ നഷ്ടമാക്കി
എന്റെ ഗ്രാമത്തെ കൊന്നൊടുക്കി
ഈ രാവും പകലും കടന്നുപോകുമ്പോൾ
ദുഃഖിച്ച് ഞാനാകൽപ്പടവിൽ
തേങ്ങുന്ന എൻ സ്വപ്നങ്ങളെ ഓർത്ത്
അകലെ കാണുന്ന മൺപാത്രങ്ങൾ
എന്നെ ദുഃഖത്തിലാഴ്ത്തിടുന്നു.
എന്റെ നിറമുള്ള  സ്വപ്നങ്ങൾ പൂവണിയാൻ

**അനൂപ് .കെ.ആർ, 1X A**

# എന്റെ വിദ്യാലയം...







# ഓട്ടോക്കാരൻ

ഒരിടത്ത് ശിവ എന്ന ഒരു ഓട്ടോക്കാരൻഉണ്ടായിരുന്നു. അയാൾ അത്യാഗ്രഹിയും ദൂർത്തനും ആയിരുന്നു. ഒരുദിവസം വൃദ്ധനായ ഒരാൾ ഓട്ടോസ്റ്റാന്റിൽ വന്ന് ഒരു ഓട്ടോക്കാരനോട് ടൗണിൽ പോകാൻ എത്ര രൂപ ആകും എന്ന് ചോദിച്ചു .

30 രൂപ ആകും നേരത്തെ 15 രൂപയെ ഉണ്ടയിരുന്നുള്ളൂ വൃദ്ധൻ പറഞ്ഞു. എന്നാലിപ്പോൾ ഓട്ടോച്ചാർജ് കൂട്ടി എന്ന് ഓട്ടോക്കാരൻ പറഞ്ഞു.എന്നാൽ ഞാൻ മറ്റൊരു ഓട്ടോയിൽ കയറിക്കോളാം. ശിവയുടെ അടുത്ത് വന്ന് എന്നെ ടൗൺ വരെ എത്തിക്കാമോ? എന്ന് വൃദ്ധൻ ചോദിച്ചു.ശിവ പറഞ്ഞു അമ്മാവൻ കയറിക്കോളൂ.അമ്മാവനെ ഞാൻ കൊണ്ടാക്കാം . അങ്ങനെ ടൗണിൽ എത്തിയപ്പോൾ അദ്ധേഹം 15 കൊടുക്കാനായി നീട്ടിയപ്പോൾ ശിവ പറഞ്ഞു എന്ത് 15 രൂപയോ 35 രൂപയായി അത് മറ്റ് ഓട്ടോക്കാർ പറഞ്ഞതിലും 5 രൂപ കൂടുതലായിരുന്നു. അദ്ധേഹം ശിവയോട് എത്ര തർക്കിച്ചിട്ടും ശിവ അത് സമ്മതിച്ചില്ല.നിന്റെയടുത്ത് തർക്കിച്ചിട്ട് യാതൊരു കര്യവുമില്ല ഇന്ന് നിന്റെ 35 രൂപ നിന്നോട് സംസാരിച്ച് ഞാനാകെ ക്ഷീണിച്ചു ഇനി ഞാൻ മേലിൽനിന്റെ ഓട്ടോയിൽ കയറില്ല.അദ്ധേഹം പറഞ്ഞതൊന്നും ശിവ ശ്രദ്ധിച്ചില്ല കിട്ടിയ പണത്തിൽ സന്തോഷിച്ച്ശിവ അവിടെ നിന്ന് പോയി.എല്ലാ ദിവസവും ശിവ ഇങ്ങനെ തന്നെ നാട്ടുകരെ പറ്റിച്ച് പണമുണ്ടാക്കി കൂടെയുള്ള ഓട്ടോക്കാർക്കൊന്നും ശിവയുടെ ഈ സ്വഭാവത്തെപ്പറ്റി അറിയില്ലായിരുന്നു. നീ എന്തിനാ എല്ലാവരുടെയും കൈയിൽ നിന്ന് കുറച്ചു

പണം സമാഹരിച്ച വാങ്ങുന്നത് ഇങ്ങനെയാണേൽ നിനക്ക് ലാഭം ഒന്നും കിട്ടില്ല എന്ന് സുഹൃത്തുക്കൾ പറഞ്ഞു. തന്റെ സുഹൃത്തുക്കൾ തന്നെക്കുറിച്ച് ഇങ്ങനെയൊക്കെയാണല്ലോ വിചാരിച്ചിരിക്കുന്നത് ചിന്തിച്ച് ശിവയ്ക്ക് ഉള്ളിൽ സന്തോഷമായി. ശിവ ഇങ്ങനെ സമ്പാദിച്ച പണം വീട്ടു ചിലവിനായി കുറച്ച് എടുത്തശേഷം ബാക്കി ഒരു ഓട്ടോ വാങ്ങി.അടുത്ത ദിവസം ഓട്ടോസ്റ്റാന്റിൽ എത്തി. ശിവയുടെ പുതിയ ഓട്ടോ കണ്ട് അവിടെനിന്നവരെല്ല അതിശയപ്പെട്ടു.ശിവയുടെ സുഹൃത്തുക്കൾ പറഞ്ഞു ആളുകളിൽ നിന്ന് കുറച്ച പണം മാത്രം വങ്ങിക്കുന്ന ഇവൻ എങ്ങനെ പുതിയ ഓട്ടോ വാങ്ങി. അന്ന് വൈകിട്ട് അവരുടെ ഭാര്യമാർ അവരോട് പറഞ്ഞു നിങ്ങളെക്കൂട്ട് ഓട്ടോ ഓടിച്ചല്ലെ അവനും നടക്കുന്നത് ആ ശിവയെ കണ്ട് പടി അവൻ കൂടുതൽ പൈസ വാങ്ങിക്കുന്നത് കൊണ്ടല്ലെ അവൻ പുതിയ ഒരു ഓട്ടോ വാങ്ങിയത് നിങ്ങൾക്കും അങ്ങനെ ചെയ്തൂടെ. സുഹൃത്തുക്കൾ തമ്മിൽ പറഞ്ഞു നമ്മൾ ഇത്രയും കാലം അവനെ കുറിച്ച് കരുതിയതെല്ലാം തെറ്റായിരുന്നു. അവൻ ആളുകളെ പ    റ്റിച്ച് ഇരട്ടി പണം വാങ്ങിച്ച് ഒരു ഓട്ടോ വാങ്ങി.

ദിവസങ്ങൾക്കുള്ളിൽ തന്നെ ആളുകൾ സത്യം മനസ്സിലാക്കി ശിവയുടെ ഓട്ടോയിൽ കയറാതായി. ആളുകൾ മറ്റ് ഓട്ടോകളിൽ കയറി സവാരി ചെയ്തു.

**അഖിലേഷ്**







UK

# പുൽച്ചാടി

മുറ്റത്തുണ്ടൊരു പുൽച്ചാടി

പച്ചനിറത്തിൽ പുൽച്ചാടി

ഒളിച്ചിരിക്കും പുൽച്ചാടി

ചാടി നടക്കും പുൽച്ചാടി




ചാടി ചാടി വരുന്നുണ്ടേ

പച്ച തുള്ളൻ പുൽച്ചാടി

പുല്ലിലൊളിക്കും പുൽച്ചാടി

പുല്ലുകൾ തിന്നും പുൽച്ചാടി

പുൽച്ചാടീ....................

പാർവതി വിനോദ്

# നന്ദി ...

ഹൈസ്കൂൾ വലിയകുളം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അവതരിപ്പിക്കുന്ന പൂമരം ഡിജിറ്റൽ മാഗസിന്റെ സൃഷ്ടിക്കായി പ്രവർത്തിച്ച എന്റെ സഹപ്രവർത്തകർക്കും മേൽനോട്ടം വഹിച്ച അധ്യാപകർക്കും ഹൃദയംഗമമായ നന്ദി.

**-ആര്യ മോൾ സി.എ**

**സ്റ്റുഡന്റ് എഡിറ്റർ**

